# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് - സാമൂഹ്യ സുരക്ഷാപെൻഷനുകൾ/ധനസഹായങ്ങളുടെ നിരക്ക് വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (ബഡ്ജറ്റ് വിംഗ്-എച്ച്) വകുപ്പ്

സ.ഉ(അച്ചടി) നം. 339/2013/ധന　　　　തീയതി, തിരുവനന്തപുരം, 12/07/2013

---

പരാമർശം :- 1. സ.ഉ(എം.എസ്)നമ്പർ 50/2012/സാ.ക്ഷേ.വ തീയതി 22/08/2012
2. സ.ഉ(എം.എസ്)നമ്പർ 26/2012/കൃഷി തീയതി 13/02/2012
3. സ.ഉ(സാധാ)നമ്പർ 1252/2011/തൊഴിൽ തീയതി 22/08/2011
4. സ.ഉ(എം.എസ്)നമ്പർ 22/2013/സാ.നീ.വ തീയതി 19/03/2013
5. സ.ഉ(കൈയെഴുത്ത്)നമ്പർ 74/2007/സി.എ.ഡി തീയതി 31/07/2007
6. സ.ഉ(കൈ)നമ്പർ 22/2012/കാ.യു.വ തീയതി 13/09/2012
7. സ.ഉ(എം.എസ്)നമ്പർ 76/2012/സാ.നീ.വ തീയതി 26/12/2012
8. സ.ഉ(സാധാ)നമ്പർ 1148/2013/ആ.കു.വ തീയതി 30/03/2013
9. സ.ഉ(എം.എസ്)നമ്പർ 56/2012/സാ.ക്ഷേ.വ തീയതി 18/09/2012

### <u>ഉത്തരവ്</u>

2013-14 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ സാമൂഹ്യസുരക്ഷ പെൻഷനുകളുടെയും ധനസഹായങ്ങളുടെയും നിരക്കുകൾ വർദ്ധിപ്പിക്കുന്നതായി പ്രഖ്യാപിച്ചിരുന്നു. ഈ പ്രഖ്യാപനത്തിൻെറ അടിസ്ഥാനത്തിൽ സർക്കാരിൻെറ സഞ്ചിത നിധിയിൽ നിന്നും വിതരണം ചെയ്തുവരുന്ന വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ താഴെ പറയും പ്രകാരം വർദ്ധിപ്പിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

| നം. | പെൻഷൻ | നിലവിലെ നിരക്ക് (രൂപ) | വർദ്ധിപ്പിച്ച നിരക്ക് (രൂപ) |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 400 | 500 |
| 2 | ചെറുകിട നാമമാത്ര കർഷക പെൻഷൻ | 400 | 500 |
| 3 | അഗതി (വിധവാ) പെൻഷൻ | 525 | 700 |
| 4 | വികലാംഗപെൻഷൻ | 525 | 700 |
| 5 | വികലാംഗപെൻഷൻ - 80% നു മേൽ വൈകല്യം ഉള്ളവർക്ക് | 700 | 1000 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 525 | 700 |
| 7 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 400 | 500 |

| | | | |
|---|---|---|---|
| 8 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ – 80 വയസ്സ് കഴിഞ്ഞവർക്ക് | 900 | 1100 |
| 9 | വൃക്കതകരാറുമൂലം സ്ഥിരമായി ഡയാലിസിസ് വേണ്ടി വരുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെട്ട വൃക്കരോഗികൾക്ക് നൽകുന്ന പ്രതിമാസ പെൻഷൻ | 525 | 900 |
| 10 | അവശ കലാകാര പെൻഷൻ | 550 | 650 |
| 11 | സർക്കസ് കലാകാരൻമാർക്കുള്ള പെൻഷൻ | 1000 | 1100 |

2. 2013-14 ലെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനങ്ങൾക്ക് അനുസൃതമായി സർക്കാർ സഞ്ചിത നിധിയിൽ നിന്നും വിതരണം ചെയ്യുന്ന വിവിധ ധനസഹായങ്ങൾ താഴെ പറയും പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

| നം. | ധനസഹായം | നിലവിലെ നിരക്ക് (രൂപ) | വർദ്ധിപ്പിച്ച നിരക്ക് (രൂപ) |
|---|---|---|---|
| 1 | വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം (ഒറ്റതവണ) | 20000 | 30000 |
| 2 | ക്ഷയരോഗികൾക്കുള്ള ധനസഹായം (മാസം തോറും) | 525 | 800 |
| 3 | കുഷ്ഠരോഗികൾക്കുള്ള ധനസഹായം (മാസം തോറും) | 525 | 800 |
| 4 | ക്യാൻസർ രോഗികൾക്കുള്ള ധനസഹായം (മാസം തോറും) | 525 | 800 |
| 5 | അനാഥാലയങ്ങൾ, വൃദ്ധ സദനങ്ങൾ, യാചകമന്ദിരങ്ങൾ, വികലാംഗർക്കു വേണ്ടിയുള്ള സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്ക് നല്കുന്ന പ്രതിമാസ ഗ്രാൻറ് | 525 | 700 |
| 6 | സർക്കാർ, എയ്ഡഡ് അന്ധ-ബധിര വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾക്ക് ഭക്ഷണത്തിന് പ്രതിമാസ ഗ്രാൻറ്. | 750 | 900 |

3. പെൻഷൻ/ധനസഹായ നിരക്കുകളിൽ മേൽപറഞ്ഞ വർദ്ധനവിന് 01/04/2013 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

ഡോ. വി.പി. ജോയ്
പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ & ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
സാമൂഹ്യനീതി വകുപ്പ്
തൊഴിലും പുനരധിവാസവും വകുപ്പ്
സാംസ്കാരിക വകുപ്പ്
കായിക യുവജനകാര്യ വകുപ്പ്,
കൃഷി വകുപ്പ്
പൊതുവിദ്യാഭ്യാസ വകുപ്പ്
ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്
തദ്ദേശ സ്വയം ഭരണ വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്(10.07.2013 ലെ മന്ത്രിസഭാ നടപടി ക്രമത്തിൻെറ 3909-ാം ഇനം പ്രകാരം)
സെക്രട്ടറി, നിയമസഭാ, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കൃഷി വകുപ്പ്, തിരുവനന്തപുരം
ലാൻറ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ലേബർ കമ്മീഷണർ, തിരുവനന്തപുരം
സാമൂഹ്യ നീതി ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാമിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കായിക യുവജനക്ഷേമ വകുപ്പ്, തിരുവനന്തപുരം
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
നോഡൽ ഓഫീസർ www.finance.kerala.gov.in
വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിനും വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിനും)
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ